


## തോമസച്ചനു വേണ്ടിയുള്ള പ്രാർത്ഥന

കരുണാമയനായ ദൈവമേ, പാപികളായ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ, അറിഞ്ഞും, അറിയാതെയും മനസ്സുകൊണ്ടും, വചനംകൊണ്ടും, പ്രവൃത്തികൊണ്ടും ഞങ്ങൾ ചെയ്തുപോയ എല്ലാ തെറ്റുകളും ഞങ്ങളോട് ക്ഷമിക്കുകയും അങ്ങേ തൃക്കരങ്ങൾ നീട്ടി ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമെ.

പിതാവേ, അങ്ങേയ്ക്കുവേണ്ടി സ്വജീവിതം സമ്പൂർണ്ണമായി സമർപ്പിച്ച് പ്രവർത്തിച്ചിരുന്ന അങ്ങയുടെ പ്രിയ ദാസൻ തോമസച്ചനെ അങ്ങയുടെ തൃപ്പാദത്തിങ്കൽ ഞങ്ങൾ സമർപ്പിക്കുന്നു. ക്രൂരമായ പീഢനങ്ങളേറ്റ് സഭയ്ക്കുവേണ്ടി രക്തസാക്ഷിത്വംവരിച്ച തോമസച്ചന്റെ മദ്ധ്യസ്ഥം ഞങ്ങൾ അപേക്ഷിക്കുന്നു.

നിസ്വാർത്ഥ സ്നേഹത്തിലൂടെയും എളിയ ജീവിത ശൈലിയിലൂടെയും, രക്തസാക്ഷിത്വത്തിലൂടെയും അങ്ങയുടെ സുവിശേഷത്തിന് സാക്ഷ്യം നല്കിയ തോമസച്ചനിലൂടെ ഞങ്ങൾക്കുലഭിച്ച ദൈവകൃപകൾക്ക് നന്ദി പറയുന്നു. തോമസച്ചന്റെ മദ്ധ്യസ്ഥതയാൽ ഞങ്ങളുടെ ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചുതന്നുകൊണ്ട് അദ്ദേഹത്തെ വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തുവാൻ ആവശ്യമായ അനുഗ്രഹങ്ങൾ നൽകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

1 സ്വർഗ്ഗ 1 നന്മ 1 ത്രി.


## തോമസച്ചനു വേണ്ടിയുള്ള പ്രാർത്ഥന

കരുണാമയനായ ദൈവമേ, പാപികളായ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ, അറിഞ്ഞും, അറിയാതെയും മനസ്സുകൊണ്ടും, വചനംകൊണ്ടും, പ്രവൃത്തികൊണ്ടും ഞങ്ങൾ ചെയ്തുപോയ എല്ലാ തെറ്റുകളും ഞങ്ങളോട് ക്ഷമിക്കുകയും അങ്ങേ തൃക്കരങ്ങൾ നീട്ടി ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമെ.

പിതാവേ, അങ്ങേയ്ക്കുവേണ്ടി സ്വജീവിതം സമ്പൂർണ്ണമായി സമർപ്പിച്ച് പ്രവർത്തിച്ചിരുന്ന അങ്ങയുടെ പ്രിയ ദാസൻ തോമസച്ചനെ അങ്ങയുടെ തൃപ്പാദത്തിങ്കൽ ഞങ്ങൾ സമർപ്പിക്കുന്നു. ക്രൂരമായ പീഢനങ്ങളേറ്റ് സഭയ്ക്കുവേണ്ടി രക്തസാക്ഷിത്വംവരിച്ച തോമസച്ചന്റെ മദ്ധ്യസ്ഥം ഞങ്ങൾ അപേക്ഷിക്കുന്നു.

നിസ്വാർത്ഥ സ്നേഹത്തിലൂടെയും എളിയ ജീവിത ശൈലിയിലൂടെയും, രക്തസാക്ഷിത്വത്തിലൂടെയും അങ്ങയുടെ സുവിശേഷത്തിന് സാക്ഷ്യം നല്കിയ തോമസച്ചനിലൂടെ ഞങ്ങൾക്കുലഭിച്ച ദൈവകൃപകൾക്ക് നന്ദി പറയുന്നു. തോമസച്ചന്റെ മദ്ധ്യസ്ഥതയാൽ ഞങ്ങളുടെ ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചുതന്നുകൊണ്ട് അദ്ദേഹത്തെ വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തുവാൻ ആവശ്യമായ അനുഗ്രഹങ്ങൾ നൽകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

1 സ്വർഗ്ഗ 1 നന്മ 1 ത്രി.